(ഡി) കോർപ്പറേഷനുകളും എ.ഡി.ബി.യും തമ്മിൽ ഒപ്പു വയ്ക്കുന്നതിനായി തയ്യാറാക്കിയ ധാരണാപത്രത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഇ) ഈ വായ്പ എന്തെല്ലാം ആവശ്യങ്ങൾക്കാണ് വിനിയോഗിക്കുക എന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ഇതിൽ ഗ്രാന്റ് എത്ര; ഇതിനായി നൽകേണ്ടിവരുന്ന പലിശ എത്രയെന്ന് വ്യക്തമാക്കുമോ ;

(ജി) സംഖ്യ തിരിച്ചടക്കുന്നതിനുള്ള ബാധ്യത ഏറ്റെടുക്കുന്നതിന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിച്ചു വരുന്നു.

(സി) ഇല്ല.

(ഡി) ബാധകമല്ല.

(ഇ, എഫ് & ജി) ഈ കാര്യങ്ങളിൽ അന്തിമതീരുമാനമായിട്ടില്ല.

റോഡ് ക്രോസ് ചെയ്ത് സ്ഥാപിച്ച പരസ്യ ബോർഡുകൾ

126. [893] ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് നഗരത്തിൽ മാവൂർ റോഡ്, അരയടത്ത് പാലം, എരഞ്ഞിപ്പാലം, കല്ലായ്റോഡ്, പാളയം തുടങ്ങിയ ട്രാഫിക് ജംഗ്ഷനുകളിൽ റോഡ് ക്രോസ് ചെയ്ത് സ്ഥാപിച്ച പരസ്യ ബോർഡുകൾ എന്നാണ് സ്ഥാപിച്ചത്;

(ബി) ഏത് സ്വകാര്യ സ്ഥാപനത്തിന് എന്തെല്ലാം വ്യവസ്ഥകൾ പ്രകാരമാണ് പ്രസ്തുത പരസ്യ ബോർഡുകൾ സ്ഥാപിക്കാൻ അനുവാദം നൽകിയത് ;

(സി) പരസ്യബോർഡുകൾ സ്ഥാപിക്കുമ്പോൾ ട്രാഫിക് സിഗ്നൽ സംവിധാനം ഏർപ്പെടുത്താൻ ഈ സ്വകാര്യ ഏജൻസി തയ്യാറാവണമെന്ന വ്യവസ്ഥ കരാറിലുണ്ടോ ;

(ഡി) പ്രസ്തുത കരാറിന്റെ കാലാവധി എന്നാണ് അവസാനിച്ചത് എന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത പരസ്യബോർഡിൽ നിന്നും കോഴിക്കോട് കോർപ്പറേഷന് ലഭിച്ച വരുമാനമെത്ര ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പ്രസ്തുത കരാറനുസരിച്ച് കോഴിക്കോട് നഗരത്തിൽ എവിടെയെല്ലാമാണ് ഈ സ്വകാര്യ ഏജൻസി പരസ്യ ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളത് ;

(ജി) കരാർ ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ ആ കരാറിൽ ആരൊക്കെയാണ് കക്ഷികളായി ഒപ്പുവെച്ചിട്ടുള്ളത് ?

ഉത്തരം

(എ) 1996-ലാണ് പരസ്യ ബോർഡുകൾ സ്ഥാപിച്ചത്.

(ബി) 23-11-95-ലെ ജി.ഒ. (എം.എസ്.) 256/95/എൽ.എ.ഡി. നമ്പർ ഉത്തരവ് പ്രകാരം ബി.ഒ.ടി. അടിസ്ഥാനത്തിലാണ് പരസ്യ ബോർഡ് സ്ഥാപിക്കാൻ ബോംബെയിലുള്ള സി.എം.എസ്. ട്രാഫിക് സിസ്റ്റം ലിമിറ്റഡ് എന്ന സ്ഥാപനത്തിന് അനുമതി നൽകിയത്.

(സി) കമ്പനിയുടെ ഉത്തരവാദിത്വത്തിൽ ട്രാഫിക് സിഗ്നൽ സംവിധാനം ഏർപ്പെടുത്തണം എന്നതാണ് കരാർ വ്യവസ്ഥ.

(ഡി) 1996 മുതൽ 15 വർഷത്തേക്കാണ് കാലാവധി.

(ഇ) വരുമാനം ഒന്നും ലഭിച്ചിട്ടില്ല.

(എഫ്) 20 സ്ഥലങ്ങളിൽ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. അവയുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ജി) കോഴിക്കോട് കോർപ്പറേഷനു വേണ്ടി സെക്രട്ടറിയും കോഴിക്കോട് ജില്ലാ കളക്ടറും ഒന്നാം കക്ഷിയായും സി.എം.സ്. കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ രണ്ടാം കക്ഷിയായും എഗ്രിമെന്റിൽ ഒപ്പ് വെച്ചിട്ടുണ്ട്.

തിരവനന്തപുരത്ത് പാർക്കിംഗ് സൗകര്യങ്ങളുടെ അപര്യാപ്തത

127. [894] ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന നഗരമായ തിരുവനന്തപുരത്ത് വർദ്ധിച്ചു വരുന്ന വാഹനപ്പെരുപ്പവും പാർക്കിംഗ് സൗകര്യങ്ങളുടെ അപര്യാപ്തതയും പരിശോധിച്ചിട്ടുണ്ടോ ;

(ബി) തലസ്ഥാനത്ത് നിലവിലുള്ള പാർക്കിംഗ് സൗകര്യങ്ങളെ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) തിരുവനന്തപുരത്തെ ഗതാഗതക്കുരുക്കിന് പാർക്കിംഗ് സൗകര്യങ്ങളുടെ കുറവ് പ്രധാനപ്പെട്ട ഒരു കാരണമാണെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly